DESPATCHED
On..24/5/22..

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.1350 (1)/2021/SIC തീർപ്പു കല്പ്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 12370/SIC-G4/2021)**
**സന്നിഹിതൻ**

ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ
തീയതി : 2022 മേയ് 18

ശ്രീമതി. എൽ. പ്രമീള,
കരിത്തലയ്ക്കൽ പുത്തൻ വീട്,
കീഴ്ക്കൊല്ല, വട്ടവിള പി.ഒ.,
അമരവിള, നെയ്യാറ്റിൻകര,
തിരുവനന്തപുരം. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &,
വില്ലേജ് ഓഫീസർ,
ചെങ്കൽ വില്ലേജ് ഓഫീസ്,
തിരുവനന്തപുരം.

3. അപ്പീൽ അധികാരി &,
ഡെപ്യൂട്ടി തഹസിൽദാർ (ആസ്ഥാനം),
താലൂക്ക് ഓഫീസ്, നെയ്യാറ്റിൻകര,
തിരുവനന്തപുരം. } എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൻമേൽ 3.2.2022-ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം അപ്പീൽ കാലതാമസം വരുത്തി തീർപ്പാക്കിയതിൽ രണ്ടാം എതിർകക്ഷിയുടെ വിശദീകരണം കമ്മീഷൻ തേടിയതിൻ പ്രകാരം ലഭ്യമാക്കിയ വിശദീകരണത്തിൽ ബോധിപ്പിച്ചത്, അപ്പീൽ അപേക്ഷ പരിഗണിച്ച് അപ്പീൽ വാദിയെയും എതിർകക്ഷിയായ ചെങ്കൽ വില്ലേജാഫീസറെയും നേരിൽ കേൾക്കുന്നതിനായി 1.6.2021-ന് ടി കാര്യാലയത്തിലെ ഡെപ്യൂട്ടി തഹസിൽദാർ (ആസ്ഥാനം) മുമ്പാകെ ഹാജരാകുന്നതിന് നിയമപരമായി നോട്ടീസ് 14.5.2021-ൽ അയയ്ക്കുകയുണ്ടായിയെന്നും എന്നാൽ കൂടിക്കാഴ്ചയ്ക്ക് അപ്പീൽ വാദിയും എതിർകക്ഷിയും ഹാജരാകുകയുണ്ടായില്ല എന്നും എതിർകക്ഷിയായ വില്ലേജാഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ കക്ഷിയ്ക്ക് നൽകിയിട്ടുള്ള മറുപടി തൃപ്തികരമാണെന്ന് കണ്ട് 17.7.2021-ൽ അപ്പീൽ നിരസിച്ച് ഉത്തരവായിട്ടുള്ളതാണെന്നും കക്ഷി അപേക്ഷ സമർപ്പിച്ച 5.5.2021-ന് ശേഷം 8.5.2021 മുതൽ 16.6.2021-വരെ കോവിഡ്-19 മായി ബന്ധപ്പെട്ട ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരുന്നതാണെന്നും എന്നാൽ തന്നെയും 1.6.2021-ന് ഇരുകക്ഷികളെയും നേരിൽ

RIGHT TO INFORMATION

shi

കേൾക്കുന്നതിന് നിയമപരമായി നോട്ടീസ് നൽകുകയുണ്ടായിയെന്നും എന്നാൽ കൂടിക്കാഴ്ചയ്ക്കായി ഇരുകക്ഷികളും ഹാജരുണ്ടായില്ലെന്നും തുടർന്ന് 17.6.2021 മുതൽ 3.6.2021 വരെ 50% ജീവനക്കാർ ഹാജരായാൽ മതിയെന്നുള്ള സർക്കാർ നിർദ്ദേശത്തെ തുടർന്ന് ടി കാര്യാലയത്തിലെ 16.6.2021-ലെ എ2-10013/20 നമ്പർ ഉത്തരവ് പ്രകാരം ആയത് അനുവദിക്കുകയുണ്ടായിയെന്നും ടി ഉത്തരവിന്റെ കാലയളവ് കഴിഞ്ഞ ശേഷം ഒന്നാം എതിർകക്ഷിയായ ചെങ്കൽ വില്ലേജാഫീസർ ടി വിഷയം സംബന്ധിച്ച വിശദീകരണം 5.7.2021-ൽ ഹാജരാക്കുകയുണ്ടായിയെന്നും എന്നാൽ വിവരാവകാശ സെക്ഷൻ കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് 5.7.2021-ൽ കോവിഡ് ബാധിതനായി ചികിത്സയിൽ പോകേണ്ടതായി വന്നു എന്നും തുടർന്ന് ടിയാൻ 21.7.2021-വരെ ലീവിൽ പ്രവേശിക്കുകയാണ് ചെയ്തത് എന്നും മേൽ പരാമർശിച്ച പ്രത്യേക സാഹചര്യങ്ങൾ കാരണമാണ് അപ്പീൽ യഥാസമയം തീർപ്പാക്കാൻ കഴിയാതെ വന്നതെന്നും ആയതിനാൽ സംഭവിച്ച വീഴ്ച മാപ്പാക്കണമെന്നുമാണ്. വിവരാവകാശ നിയമപ്രകാരം ടി വിശദീകരണം പൂർണ്ണമായും അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്ത് ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണമെന്ന കർശന നിർദ്ദേശം രണ്ടാം എതിർകക്ഷിക്ക് നൽകി അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഇന്നേ ദിവസം 2022 മേയ് 18-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്
**ഡോ.വിശ്വാസ് മേത്ത**
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

RIGHT TO INFORMATION

Shi